കലാകൗമുദി

ഏപ്രിൽ 2012 ₹ 20

# ആയുരാരോഗ്യം

മനസിനും ശരീരത്തിനും



**6 Free Hand Exercises**

സ്പെഷ്യൽ

## വിഷാദമകറ്റാൻ

- മനശ്ശാസ്ത്ര ചികിത്സ
- ആയുർവേദ പരിഹാരം
- ഹോമിയോ മരുന്നുകൾ
- റെക്കി ടെക്നിക്ക്

**അൾസർ വരാതിരിക്കാൻ, വന്നാൽ**

Attention !!!

**Silent Heart Attack**

**അമിതഭക്തി അപകടം**

## ആയുർവേദ രതിയിലൂടെ സത്സന്താനലബ്ധി


# പല്ലിന്റെ പ്രശ്നങ്ങൾക്ക് R.C.T.

റൂട്ട് കനാൽ ട്രീറ്റ്മെന്റിലൂടെ പല്ലിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. വേദനാരഹിതമായ ചികിത്സയാണിത്. ദന്തരോഗങ്ങൾക്കുള്ള അവസാനവാക്കാണ് റൂട്ട് കനാൽ ട്രീറ്റ്മെന്റ് അഥവാ ആർ. സി. റ്റി. പല്ലിന് കേടുവന്ന് അതിലൂടെ അണുബാധ പൾപ്പിനെ ബാധിക്കുമ്പോഴാണ് റൂട്ട് കനാൽ ട്രീറ്റ്മെന്റ് സാധാരണ ആവശ്യമായി വരുന്നത്. മോണരോഗം, പല്ലുകളിൽ ക്യാപ്പിടേണ്ടി വരിക, പല്ല് പ്രത്യേക സാഹചര്യത്തിൽ തട്ടി ഒടിയുക, പൊട്ടുക, തേയ്മാനം കൂടുതലായി ഉണ്ടാകുക തുടങ്ങിയ സാഹചര്യങ്ങളിലൊക്കെ ഇത് വേണ്ടിവരും.

പല്ലിന്റെ കേടിൽ നിന്നും പൾപ്പിലേക്ക് അണുബാധ പ്രവേശിക്കുമ്പോൾ കഠിനമായ വേദനയുണ്ടാകുന്നു. അക്യൂട്ട് പൾപ്പൈറ്റിസ് എന്ന അവസ്ഥയാണിത്. പൾപ്പ് സ്ഥിതിചെയ്യുന്ന പല്ലിനുള്ളിലെ ഭാഗത്തിന് റൂട്ട് ചേമ്പർ എന്നും റൂട്ട് കനാൽ എന്നും പറയുന്നു. അണുബാധ കാരണം റൂട്ട് കനാലിനുള്ളിൽ നീർക്കെട്ട് ഉണ്ടാകുന്നു. അതുപോലെ വേരിന്റെ അറ്റത്തും നീര് കെട്ടുന്നു. കേടിൽ നിന്നും ഡെന്റീനിലെ ചെറിയ മൈക്രോ സുഷിരത്തിലൂടെയാണ് പൾപ്പിലേക്ക് അണുക്കൾ പ്രവേശിക്കുക. അതിനാൽ പല്ലിനുള്ളിലും ചുവട്ടിലും കെട്ടി നിൽക്കുന്ന നീർക്കെട്ട് മൈക്രോ സുഷിരത്തിലൂടെ പുറത്തുപോകാൻ സാധ്യമല്ലാതിരിക്കുമ്പോൾ പല്ലിനുള്ളിലും പുറത്തും നീർക്കെട്ട് പെരുകുന്നു. റൂട്ട് കനാലിനുള്ളിൽ ഇത് മൂലം സമ്മർദ്ദം കൂടുകയും വേദന കൂടിക്കൂടി വരികയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് റൂട്ട് കനാൽ ട്രീറ്റ്മെന്റ് ചെയ്യുന്നത്.

ആദ്യം പല്ല് മരവിപ്പിക്കുന്നു. വേദനയില്ലാത്ത വിധം സർഫസ് അനസ്തെറ്റിക് ജെൽ പുരട്ടിയതിനു ശേഷമാണ് പല്ല് മരവിപ്പിക്കുന്നത്. അതിനുശേഷം കേട് നീക്കം ചെയ്ത് സൂചിപോലുള്ള ഫൈലിംഗ് സിസ്റ്റം ഉപയോഗിച്ച് റൂട്ട് കനാലിലെ നീരുകെട്ടിയ പൾപ്പ് നീക്കം ചെയ്യുന്നു. കേടു തുറന്ന് പൾപ്പ് കാണത്തക്ക നിലയിൽ തുറക്കുമ്പോൾ തന്നെ കനാലിനുള്ളിലെ നീര് കുറയുന്നതു കൊണ്ട് വേദന ഉടൻ തന്നെ കുറയുന്നു. മേൽപ്പറഞ്ഞ രീതിയിൽ ക്ളീനിങ്ങ് കനാലിന്റെ വശങ്ങളിലും നടത്തുന്നു. ഗട്ടാറെസിൻ മെറ്റീരിയൽ ഉപയോഗിച്ച് കനാലിനുള്ളിൽ ചില പ്രത്യേക പേസ്റ്റിന്റെ സഹായത്താൽ എപ്പിക്കൽ ഫൊറാമെൻ എന്ന റൂട്ട് അഗ്രം സീൽ ആകത്തക്ക നിലയിൽ ഫിൽ ചെയ്യുകയും സീൽ ചെയ്യുകയും ചെയ്യുന്നു. ഇതോടെ പല്ലുകളുടെ ചുവട്ടിൽ തങ്ങുന്ന നീർക്കെട്ട് വായുസമ്പർക്കമില്ലാത്തതിനാൽ വറ്റിപ്പോകുന്നു. ഒറ്റസിറ്റിങ്ങിൽ തന്നെ ചികിത്സ സാധ്യമാകുന്നു. എന്നാൽ അണുബാധയുടെ തോത് കൂടുതലായാൽ വീണ്ടും സിറ്റിംഗ് വേണ്ടി വന്നേക്കാം.

ഒടിഞ്ഞ പല്ലുകൾ കോസ്മെറ്റിക്കായി ശരിയാക്കിയെടുക്കുമ്പോൾ റൂട്ട് കനാൽ ട്രീറ്റ്മെന്റ്അനിവാര്യമായി മാറും. പിന്നീട് ഈ പല്ലുകൾക്ക് അണുബാധയുണ്ടാകാതിരിക്കുവാനും സെൻസിറ്റിവിറ്റി ഉണ്ടാകാതിരിക്കുവാനും റൂട്ട് കനാൽ ട്രീറ്റ്മെന്റ് ആവശ്യമാണ്. മോണയുടെ അടുത്തായി തേയ്മാനം ഉണ്ടാകുമ്പോൾ പല്ലിന്റെ പുളിപ്പ് കുറയ്ക്കുവാനും റൂട്ട് കനാൽ ട്രീറ്റ്മെന്റ് ആവശ്യമാകുന്നു.



**ഡോ. ജോസ് നെൽസൺ**
സ്മൈൽ ആർട്ടിസ്റ്ററി
സൂപ്പർ സ്പെഷ്യാലിറ്റി ഫേഷ്യൽ ക്ലിനിക്ക്
കൊല്ലം ഫോൺ : 0474 – 2795533,
9562244462, 9847351226

